# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൈലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P11/159/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 30/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൈലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൈലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൈലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P11/159/23 തീയ്യതി: 30/03/2023

## കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-12-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-01-2023 | 18-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 18-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിജാറാണി ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി ജി., സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ്, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു ജി. നാഥ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ജോൺ റ്റി. | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീമതി അനിതകുമാരി ഐ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-04-2021 | 04-05-2021 |
| ശ്രീ. പ്രേംശങ്കർ എസ്. | സെക്രട്ടറി | 05-05-2021 | 05-01-2022 |
| ശ്രീ. സുനിൽകുമാർ ആർ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-01-2022 | 10-01-2022 |
| ശ്രീമതി ലൌജി എം. നായർ | സെക്രട്ടറി | 10-01-2022 | 18-02-2022 |
| ശ്രീ.സുനിൽ കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-02-2022 | 21-02-2022 |
| ശ്രീ. ഷാനവാസ് ഇ. | സെക്രട്ടറി | 21-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനുദേവ | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. അനില മേരി എ.എസ്. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ശ്രീമതി ചിത്ര | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ദീപാ ഗോപിനാഥ് | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ. രമാദേവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. ഗോപകുമാർ എൻ. | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി മീര | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 08-09-2021 |
| ശ്രീ സുധീഷ് കുമാർ എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-09-2021 | 31-03-2022 |
| ശ്രീമതി രേഖ പി.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മഞ്ജു എസ്. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-08-2021 |

| | | | |
|---|---|---|---|
| ശ്രീമതി താര | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-09-2021 | 31-03-2022 |
| ശ്രീ. സിഗിൽരാജ് | വി.ഇ.ഒ | 01-04-2021 | 30-09-2021 |
| ശ്രീ.രതീഷ് | വി.ഇ.ഒ | 04-10-2021 | 31-03-2022 |
| ശ്രീമതി. രാജിമോൾ ആർ. | വി.ഇ.ഒ | 01-04-2021 | 11-08-2021 |
| ശ്രീമതി അഞ്ജു എം. | വി.ഇ.ഒ | 25-08-2021 | 31-03-2022 |
| ശ്രീ. ശരത് | എം.ജി.എൽ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2021 | 08-09-2021 |
| ശ്രീമതി ശ്രീലക്ഷ്മി | എം.ജി.എൽ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ | 09-09-2021 | 31-03-2022 |
| ശ്രീമതി അനിതകുമാരി ഐ. | അസി. സെക്രട്ടറി | 01-04-2021 | 01-01-2022 |
| ശ്രീ. സുനിൽകുമാർ ആർ.എസ്. | അസി. സെക്രട്ടറി ഇൻ ചാർജ് | 02-01-2022 | 26-01-2022 |
| ശ്രീ. സുനിൽ കെ. | അസി. സെക്രട്ടറി | 27-01-2022 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു. | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല | 1-11 |
| 14 | ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- നടപടികൾ സ്വീകരിക്കുന്നില്ല | 1-12 |
| 15 | ഇ-ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല | 1-13 |
| 16 | നികുതി നികുതിയേതരവരവുകൾ വർദ്ധിപ്പിച്ച് തനതുവരുമാനം കൂട്ടുന്നതിന് നടപടികൾ അനിവാര്യം | 1-14 |
| 17 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-15 |
| 18 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി -മരുന്നു വാങ്ങാനായി തുക നൽകിയെങ്കിലും മരുന്നു പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-16 |
| 19 | ഹോമിയോ മരുന്നു വാങ്ങൽ പദ്ധതികൾക്കായി തുക ഹോംകോയ്ക്ക് നൽകിയെങ്കിലും നാളിതുവരെ മരുന്നു പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-17 |
| 20 | സാക്ഷരതാ തുടർവിദ്യാഭ്യാസം-തുക അധികം നൽകി | 1-18 |
| 21 | ലൈഫ് ഭവനപദ്ധതി - വീട്ടു നിർമ്മാണം പൂർത്തീകരിച്ചില്ല | 1-19 |
| 22 | പദ്ധതികൾക്കുള്ള അടങ്കൽ തുക വകയിരുത്തുന്നതിലും ചെലവ് നടത്തുന്നതിലുമുള്ള അപാകതകൾ | 1-20 |
| 23 | വിനിയോഗ വിവരമില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-21 |

| | | |
|---|---|---|
| 24 | പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങിയതു സംബന്ധിച്ച് | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

20/02/2021 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 18-3-22 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

മുൻബാക്കി ഉൾപ്പെടെ ആകെ 33.08 കോടി രൂപ വരവും 32.05 കോടി രൂപ ചെലവും 1.03കോടി രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന ബജറ്റാണ് പഞ്ചായത്തിൽ തയ്യാറാക്കിയിരുന്നത്. എന്നാൽ തൻവർഷത്തെ രസീറ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം മുൻബാക്കി ഉൾപ്പെടെ തൻവർഷം ആകെ വരവായി ലഭിച്ചിരിക്കുന്നത് 14.88 കോടി രൂപയും ചെലവ് 10.29 കോടി രൂപയും മാത്രമാണ്. ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകയുടെ 45% മാത്രമാണ് യഥാർത്ഥ വരവ് ലഭിച്ചിരിക്കുന്നത്. യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | | - | |

## 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ബാലൻസ് ഷീറ്റ് B4 – ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ച്വർ നീക്കിയിരിപ്പ് തുക 929281/- ആണെന്നിരിക്കെ Treasury Special TSB Joint Venture (799011400001769) നീക്കിയിരിപ്പ് തുക 10,00,000/- രൂപയാണ്. (430714/- രൂപാ റിഡംഷൻ ആയി പിൻവലിച്ചതിനുശേഷം ഉള്ളത് )

2) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയിട്ടുള്ള ആസ്തിയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3) പാർട്ട് ബിൽ നൽകിയതിന്റെ വിവരങ്ങൾ നൽകിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി ഉൾപ്പെടുത്തിയിരിക്കുന്ന 661890/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

4) പഞ്ചായത്ത് ഫണ്ട് ജനറൽ നെഗറ്റീവ് ബാലൻസ് ആണ്,

5) എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻറ്റീച്ചർ നെഗറ്റീവ് ബാലൻസ് ആണ്

6) താഴെ പറയുന്ന ഫണ്ടുകൾ എ.സി.ആറും എ.എഫ് എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ഫണ്ടുകൾ | എ.സി.ആർ പ്രകാരമുള്ളത് | എ.എഫ് എസ് പ്രകാരമുള്ളത് |
|---|---|---|
| വികസനഫണ്ട് ജനറൽ | 16594814 | 16581839 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 3975026 | 2775026 |

7) സി.എഫ്.സി എ.സി.ആർ പ്രകാരമുള്ള നീക്കുബാക്കിയും വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

8) വികസനഫണ്ട് എസ്.സി.പി.യിൽ സ.ഉ.(സാധാ)2617/2022/ധന. തീയതി 31-3-22 പ്രകാരം വരവായി വന്ന 1636700/-രൂപയുടെ വരവ് എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.

9) ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ ചെലവ് സുലേഖ പ്രകാരം 588284/- രൂപയും എ.എഫ്.എസ് പ്രകാരം 538284/- രൂപയും ആണ്.

10) RP 40(b) സ്റ്റേറ്റ്മെന്റ് പ്രകാരം സബ് ട്രഷറി കൊട്ടാരക്കരയിലെ 704021400000019നമ്പർ അക്കൌണ്ടിൽ 42500/-രൂപാ ബാക്കി നിൽക്കുന്നു. എന്നാൽ ട്രഷറി സ്റ്റേറ്റ് മെന്റ് പ്രകാരം ഈ അക്കൌണ്ട് ക്ലോസ്ഡ് ആണ്.

11) SBI ഇ പേയ്മെന്റ് അക്കൌണ്ട് റിക്കൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം (അക്കൌണ്ട് നമ്പർ 37166703580 ) 31-03-22 തീയതിയിലെ പാസ്സ് ബുക്ക് ബാലൻസ് 1097692 രൂപയും ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം 1097709

രൂപയും ആണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

12) ബി-9 ഷെഡ്യൂൾ-Liability In Respect Of Stale Cheques ഇനത്തിൽ 17303/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. ടി തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

13) ബാലൻസ് ഷീറ്റിലെ തിരികെ ഒടുക്കാൻ ബാക്കി നിൽക്കുന്ന ലോൺ തുകയും പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസും പൊരുത്തപ്പെടുന്നില്ല.

14) ഗ്രാമപഞ്ചായത്തിലെ വിവിധ വരവുകളുടെ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ രജിസ്റ്ററുകളിലെ വരവുകളുടെ തുകകളും വാർഷികധനകാര്യപത്രികയിലെ വരവു തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വരവ് | രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| തൊഴിൽ നികുതി | 843840 | 906480 |
| തൊഴിൽ നികുതി (ട്രേഡ്സ്) | 186700 | 229800 |
| വസ്തു നികുതി (കറണ്ട് ) | 4132289 | 4043127 |
| വസ്തു നികുതി (അരിയർ ) | 414794 | 611426 |
| ലൈസൻസ് ഫീ | 94900 | 133500 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19813930/- |
| വരവ് | 128966621/- |
| ആകെ | 148780551/- |
| ചെലവ് | 102994605/- |
| നീക്കിയിരിപ്പ് | 45785946/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0/- |
| ചെലവിനങ്ങളിലുള്ള നഷ്ടം | 0/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1884086/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22049005 | 22049005 | 21046243 | 1002762 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 17010700 | 17010700 | 15325720 | 1684980 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1562024 | 1562024 | 53830 | 1508194 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -പെർഫോർമൻസ് ഗ്രാന്റ് | 0 | 4541257 | 4541257 | 258017 | 4283240 |
| മെയിന്റനൻസ്, റോഡ് | 0 | 18821200 | 18821200 | 6973946 | 11847254 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 9065827 | 9065827 | 3975026 | 5090801 |
| | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 5883000 | 5883000 | 2,50,000 | 5633000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 0 | 4033319 | 4033319 | 1933891 | 2099428 |
| MNREGS | 199561 | 1688569 | 1888130 | 1824506 | 63624 |

| | | | | | |
|---|---|---|---|---|---|
| റ്റി.എസ്.സി | 3036427 | 213617 | 3250044 | - | 3250044 |
| ICDS | 3443694 | 1111781 | 4555475 | 1705630 | 2849845 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 2852410 | 90,00,000 | 11852410 | 2110000 | 9742410 |
| ശുചിത്വമിഷൻ | 4489983 | 2,30,000 | 4719983 | 75000 | 4644983 |
| കുടുംബശ്രീ ഫണ്ട് | | 1321800 | 1321800 | - | 1321800 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 278 | 336974200 | 185 | 75423231 | 0 | 93 | 67% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 56436327 | 56436327 | 5643637 | 0 |
| ഭരണചെലവുകൾ | 199561 | 1688569 | 1888130 | 1824506 | 63624 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 102960/- | 61 |
| കർഷകതൊഴിലാളി പെൻഷൻ | 7088200/- | 368 |
| വിധവാപെൻഷൻ | 27380000/- | 1660 |
| വാർദ്ധക്യകാലപെൻഷൻ | 50857500/- | 3223 |
| വികലാംഗപെൻഷൻ | 8310900/- | 448 |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1462000/- | 91 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 360000/- | 12 |

## 1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 2021-22 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|

| | | | | | | (₹) |
|---|---|---|---|---|---|---|
| 1 | ബെഞ്ചി | വികലാംഗ പെൻഷൻ | 103200400311 | 28/5/22 | 6/22 | 1600 |
| 2 | കൊച്ചുനാരായണ പിള്ള | വാർദ്ധക്യകാല പെൻഷൻ | 103200201152 | 25/6/22 | 6/22 | 1600 |
| 3 | രവീന്ദ്രൻ ആശാരി | വാർദ്ധക്യകാല പെൻഷൻ | 103200203878 | 6/11/22 | 10/22,11/22 | 3200 |
| 4 | പത്മാവതി | വാർദ്ധക്യകാല പെൻഷൻ | 103200201673 | 23/11/22 | 10/22,11/22 | 1200- |
| 5 | ഇന്ദിരാമ്മ | വാർദ്ധക്യകാല പെൻഷൻ | 103200200472 | 12/1/22 | 1/22 | 600 |
| 6 | ഗൗരിക്കുട്ടിയമ്മ | കർഷക തൊഴിലാളി പെൻഷൻ | 103200100111 | 28/7/21 | 8/21 | 600 |
| 7 | ഗംഗാധരൻ പിള്ള | വാർദ്ധക്യകാല പെൻഷൻ | 103200383 | 17/7/21 | 8/21 | 1600 |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാരുടെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിരിയ്ക്കാനുള്ള സാധ്യതയുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. അക്കൗ.ണ്ടിലേക്ക് അനുവദിച്ച പെൻഷൻ തുക-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10251/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ജി.ഒ (എം.എസ്) നം-150/2009/എൽ.എസ്.ജി.ഡി/01-08-2009-സർക്കാർ ഉത്തരവിൽ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റിന്റെ കർത്തവ്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മൈലം ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടിന്റെ ചെലവ് വൗച്ചറുകളും പ്രതിമാസ ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തലുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഉണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ക്രമ പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. നികുതി നികുതിയേതര വരവുകളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് രേഖപ്പടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.11.2022 | 07/2022 – 09/2022 | 21.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-08-2017<br>29-08-2017 | 2013-14<br>2016-17 | 03-10-2017 |

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

1. താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും തൻവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, പള്ളിക്കൽ | I,II |
| 2 | മുത്തൂറ്റ് ഫിൻകോർപ് | I,II |
| 3 | സപ്ലൈകോ, താമരക്കുടി | I |
| 4 | മുത്തൂറ്റ് മൈക്രോഫിൻ | I |
| 5 | മൈലം റൂറൽ കോപറേറ്റീവ് സൊസൈറ്റി | I,II |
| 6 | കാനറ ബാങ്ക്, ഇഞ്ചക്കാട് | I,II |
| 7 | മൈലം പള്ളിക്കൽ ക്ഷീരസംഘം | I,II |

2. ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | പുലമൺ ക്ഷീരസംഘം | I,II |
| 2 | മൈലം പള്ളിക്കൽ ക്ഷീരസംഘം | I,II |
| 3 | വെണ്ടാർ ക്ഷീരസംഘം | I,II |
| 4 | കോട്ടാത്തല ക്ഷീരസംഘം | I,II |
| 5 | പൂവറ്റൂർ വെസ്റ്റ് | I,II |
| 6 | പൂവറ്റൂർ ഈസ്റ്റ് | I,II |

കൂടാതെ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാർ, പഞ്ചായത്ത് പരിധിയിൽ മരാമത്ത് പണികൾ ഏറ്റെടുത്ത കരാറുകാർ എന്നിവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/17.01.23

## 1-12 ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ തൻവർഷത്തെ ലൈസൻസ് രജിസ്റ്ററും വാർഡ് വൈസ് ട്രേഡേഴ്സ് രജിസ്റ്ററും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് | ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 4 | 5 |
| 2 | 3 | 8 |

| | | |
|---|---|---|
| 3 | 8 | 14 |
| 4 | 1 | 3 |
| 5 | 10 | 12 |
| 6 | 1 | 3 |
| 7 | 2 | 3 |
| 8 | 5 | 8 |
| 9 | 14 | 18 |
| 10 | 13 | 19 |
| 11 | 9 | 11 |
| 12 | 5 | 1 |
| 13 | 5 | 6 |
| 14 | 3 | 7 |
| 15 | 8 | 10 |
| 16 | 8 | 10 |
| 17 | 11 | 18 |
| 18 | 27 | 30 |
| 19 | 13 | 21 |
| 20 | 0 | 4 |
| ആകെ | 150 | 211 |

മേൽ പട്ടിക പ്രകാരം 61 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. കൂടാതെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം.80/2017, എസ്.ആർ.ഒ. നം. 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം) ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ റേഷൻകടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

1996 ലെ കേരള പഞ്ചായത്തീരാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും മറ്റ് വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടം, വകുപ്പ് 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും പരിശോധിച്ച് പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 7/17.01.23

### 1-13 ഇ-ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല

എസ്.ബി.ഐ കൊട്ടാരക്കര ബ്രാഞ്ചിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള 37221876653 നമ്പർ

അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയതിന്റെ ഫോറവിലയായി ലഭിച്ച തുക നാളിതു വരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

31-12-2022 ൽ 298252/- രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഒടുക്കുവരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 നികുതി നികുതിയേതരവരവുകൾ വർദ്ധിപ്പിച്ച് തനതുവരുമാനം കൂട്ടുന്നതിന് നടപടികൾ അനിവാര്യം

താരതമേന്യ വരുമാനം കുറഞ്ഞ ഗ്രാമപഞ്ചായത്താണെങ്കിലും വിവിധ വരുമാനസ്രോതസ്സുകളായ ലൈസൻസ് ഫീസ്, തൊഴിൽനികുതി, വസ്തുനികുതി എന്നീയിനങ്ങളിൽ നിന്നും പൂർണ്ണമായും നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. നികുതിപിരിവ് കാര്യക്ഷമമായി നടപ്പാക്കുന്നില്ല. ഉദാഹരണത്തിന് മുൻവർഷം ഗ്രാമപഞ്ചായത്തിലെ 237 സ്ഥാപനങ്ങളിൽ നിന്നായി 142400/- രൂപ ലൈസൻസ് ഫീസിനത്തിൽ വരവുണ്ടായിരുന്നു. എന്നാൽ തൻവർഷം 150 സ്ഥാപനങ്ങളിൽ നിന്നായി 94900/- രൂപയാണ് പിരിച്ചെടുത്തത്. തൊഴിൽ നികുതി, സ്ഥാപനതൊഴിൽനികുതി എന്നീയിനങ്ങളിലും വരുമാനചോർച്ച ഉണ്ടായിട്ടുണ്ട്. വസ്തു നികുതി 85% മാത്രമാണ് തൻവർഷം പിരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള 100m$^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകളുടെ അടിസ്ഥാന വസ്തു നികുതി നിരക്കായ 45 രൂപ തന്നെയാണ് 200m$^2$ ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്കും ഈടാക്കുന്നത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. പുതിയ നികുതി ഉറവിടങ്ങൾ കണ്ടെത്തുന്നതിനും നിലവിലെ നികുതികൾ പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-15 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പ്രോജക്ട് നം. – | 231/22 |
| അടങ്കൽ തുക – | 5,25,000/- രൂപ (വികസന ഫണ്ട് എസ്.സി.പി)<br>6,50,000/- രൂപ (തനതുഫണ്ട് ) |
| ചെലവ് – | 5,25,000/-രൂപ(വികസന ഫണ്ട് എസ്.സി.പി)<br>5,00,000/- (തനതുഫണ്ട് ) |

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (SO231/22) എന്ന പ്രോജക്ടിൽ ഉൾപ്പെട്ട് ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്ര.നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (രൂപ) | ബിൽ നം, തീയതി |
|---|---|---|---|
| 1 | നമിത ബി സത്യൻ,<br>നമിതനിവാസ്, മൂഴിക്കോട് | 50,000<br>75,000 | 34, തീ 15-03-2021<br>ചെക്ക് നം 3959220,<br>തീ 07-10-2021 |
| 2 | വൈഷ്ണവ് ബി.<br>പ്ലാങ്കാല വീട്,<br>താമരക്കുടി | 50,000 | ചെക്ക് നം 3959220,<br>തീ 07-10-2021 |

ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പണി പൂർത്തീകരിയ്ക്കുന്നതിന് നിരവധി തവണ കത്ത് നൽകിയിട്ടുണ്ടെന്നും നിലവിൽ തുക തിരിച്ചടയ്ക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ നാളിതുവരെ നല്കിയ 175000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിച്ച രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഓഴിവാക്കാത്ത പക്ഷം തുക തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/16.01.23
തടസ്സപ്പെടത്തുന്ന തുക – 175000/- രൂപ

## 1-16 മെഡിക്കൽ ഓഫീസർ പി.എച്ച്.സി -മരുന്ന വാങ്ങാനായി തുക നൽകിയെങ്കിലും മരുന്ന പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരുന്ന വാങ്ങൽ പദ്ധതികൾ പ്രകാരം മരുന്നുകൾ വിതരണം നടത്തുന്നതിനായി കെ.എം.എസ്.സി.എല്ലിന മുൻകൂറായി തുക നൽകിയെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ/ അലോട്ട്മെന്റ് നമ്പർ | ഇൻവോയ്സ് നമ്പർ | തുക | ലഭ്യമായ മരുന്നുകളുടെ വില | ലഭ്യമാകാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|
| പി..എച്ച്.സിയ്ക്ക് മരുന്ന വാങ്ങൽ (78/22) | 133/8-11-21 | PRF 2313/ 27-9-21 | 6,00,000/- | 474184/- | 125816/- |
| പാലിയേറ്റീവ് ഹോംകെയർ(56/22) | 347/14-2-22 | PRF 5674/ 11-2-22 | 306520/- | 282117/- | 24403/- |
| 79/22/ജീവിതശൈലി രോഗനിയന്ത്രണത്തിന് മരുന്നുകളും സാധനസാമഗ്രകളും വാങ്ങൽ | 362/24-2-22 | PRF 3351/ 15-11-21 | 4,00,000 | 198616 | 201384/- |
| | | PRF3858/ 6-12-21 | 99993/- | 0 | 99993/- |
| 69/22/പകർച്ചവ്യാധി രോഗപ്രതിരോധത്തിന് സാധനസാമഗ്രികൾ വാങ്ങൽ | 465/11-3-22 | 8194@N/2022 /1/19-1-22 | 17490 | 0 | 17490/- |
| | | | | ആകെ | 469086/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വിലയായ 469086/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ – 3/13-1-23
തടസ്സപ്പെടുത്തിയ തുക – 469086/- രൂപ

## 1-17 ഹോമിയോ മരുന്ന വാങ്ങൽ പദ്ധതികൾക്കായി തുക ഹോംകോയ്ക്ക് നൽകിയെങ്കിലും നാളിതുവരെ മരുന്ന പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം. 91/22- മരുന്ന വാങ്ങൽ പദ്ധതിയ്ക്കായി മുൻകൂറായി തുക ഹോംകോയ്ക്ക് നൽകിയെങ്കിലും നാളിതുവരെ മരുന്ന പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ | തുക | ലഭ്യമായ മരുന്നുകളുടെ വില | ലഭ്യമാകാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|
| ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ (91/22) | 4/21-22 /24-2-22 | PF 1505/ 16-2-22 | 1,00,000/- | 0 | 1,00,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.മരുന്ന ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 4/13-1-23

തടസ്സപ്പെടുത്തിയ തുക 1,00,000/-രൂപ

## 1-18 സാക്ഷരതാ തുടർവിദ്യാഭ്യാസം-തുക അധികം നൽകി

സാക്ഷരതാ തുടർവിദ്യാഭ്യാസം പദ്ധതിയ്ക്കായി തുക നൽകിയപ്പോൾ ഫീസ് ഇളവ് ഉള്ള പഠിതാവിനം വേണ്ടി ഫീസ് അടച്ചതിനാൽ തുക അധികം നൽകി . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് – സാക്ഷരതാ തുടർവിദ്യാഭ്യാസം

പ്രോജക്റ്റ് നമ്പർ – 65/22

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

അടങ്കൽ 30,000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

ചെലവ് 29600/-

ബിൽ നമ്പർ 10/3-3-22

പത്താംതരം തുല്യതാ പഠനത്തിനായി 16 പഠിതാക്കൾക്ക് 1850/- രൂപാ നിരക്കിൽ 29600/-രൂപാ സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പഠിതാവായ ശ്രീമതി ബീന. സി പട്ടികജാതിയിൽപ്പെട്ട വ്യക്തി ആയതിനാൽ ഫീസ് അടയ്ക്കേണ്ടതില്ല. എസ്.സി വിഭാഗത്തിന് 100/-അപേക്ഷാഫീസ് മാത്രം നൽകിയാൽമതി എന്നിരിക്കെ മുഴുവൻ തുകയും നൽകിയതിനാൽ 1750/-രൂപാ അധികം നൽകിയിട്ടുണ്ട്. തുക അധികം ഒടുക്ക് വരുത്തിയതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 9/17-1-23

## 1-19 ലൈഫ് ഭവനപദ്ധതി - വീട്ട നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഓ നിർവഹണം നടത്തിയ ലൈഫ് ഭവനപദ്ധതി പ്രോജക്ടുകളിൽ മുൻവർഷം എഗ്രിമെന്റ് വെച്ച് ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീട്ട പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റ് | പണി പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | ബിൽ നം. |
|---|---|---|---|
| ലൈഫ് മിഷൻ ഭവനനിർമ്മാണം (പട്ടികജാതി വിഭാഗം അഡീഷണൽ ലിസ്റ്റ് 96/22 | ചെല്ലമ്മ, പ്രസാദ്, ആലുചേരി വീട്, പള്ളിക്കൽ | 40,000/- | 10/16.11.21 |
| | സരസ്വതി കെ. മിഥുൻ ഭവൻ, പള്ളിക്കൽ | 40,000/- | 15/23.12.21 |
| | സരസമ്മ, ചരുവിള വീട്, മൈലം തെക്കേക്കര | 40,000/- | 15/23.12.21 |
| | സരോജ.കെ., പെരുമ്പുഴ വീട്, പള്ളിക്കൽ | 40,000/- | 15/23.12.21 |
| | ശശി. കെ, കുളത്തുകാല വീട്, ഇഞ്ചക്കാട് | 40,000/- | 15/23.12.21 |
| | മണിയമ്മ, കാഞ്ഞാംമുകളിൽ വീട്, മൈലം തെക്കേക്കര | 40,000/- | 385/2.3.22 ലോൺ |
| | അനി. എസ്, ചാമക്കാല മേലതിൽ വീട്, ഇട്ടിയപറമ്പ് | 2,00,000/- | 15/23.12.21 385/2.3.22 |
| ലൈഫ് ഭവനനിർമ്മാണം-ജനറൽ 73/22 | പളനിയമ്മ, ചരുവിള പുത്തൻവീട് | 40,000/- | 17/30.12.21 |

| | | | |
|---|---|---|---|
| | ലക്ഷമി, രേഖാ സദനം, പള്ളിക്കൽ | 40,000/- | 17/30.12.21 |
| | സുശീല. പി, ഉദിയന്നൂർ വീട്, പള്ളിക്കൽ | 40,000/- | 17/30.12.21 |
| | ലിസി. കെ, ചരുവിള വീട്, പള്ളിക്കൽ | 40,000/- | 26/17.2.22 |
| | ബിന്ദു. ബി, രാജീവ് ഭവൻ, പള്ളിക്കൽ | 40,000/- | 26/17.2.22 |
| ലൈഫ് മിഷൻ ഭവനനിർമ്മാണം- എസ്.സി 75/22 | ഷീല, ഷീബാഭവനം, മൈലം | 2,00,000/- | 19/30.12.21 39/17.3.22 |
| | ആകെ- | 8,40,000/- | |

മേൽ ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിക്കാത്തതിനാൽ ചെലവ് തുക 840000/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ച രേഖകൾ ലഭ്യമാക്കി 840000/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 5/16-01-2023

തടസ്സപ്പെടുത്തിയ തുക – 840000/- രൂപ

## 1-20 പദ്ധതികൾക്കുള്ള അടങ്കൽ തുക വകയിരുത്തുന്നതിലും ചെലവ് നടത്തുന്നതിലുമുള്ള അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചില പദ്ധതികളിൽ ആകെ ചെലവ് തുകകൾ കൃത്യമല്ല. ടി പദ്ധതികളുടെ നടത്തിപ്പിലെ എല്ലാ ചെലവുകളും ഉൾപ്പെട്ട തുകയല്ല ആകെ ചെലവ് തുകയായി സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടു വന്നിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം- 197/22, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-ഉപകരണങ്ങൾ വാങ്ങൽ -എന്ന പദ്ധതിയ്ക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 422000/- രൂപ വകയിരുത്തിയിരുന്നതിൽ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത് 412696/-രൂപയാണ്. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സർക്കാർ അംഗീകൃത കമ്പിനിയിൽ നിന്നും ഇൻവോയ്സ് നം 225/01-08-2021 പ്രകാരം 282834/-രൂപയുടേയും ഇൻവോയ്സ് നം -791/21-03-22 പ്രകാരം 137256/-രൂപയുടേയും ഇലക്ട്രിക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആകെ 420090/-രൂപയുടെ ബിൽ തുകയിൽ നിന്നും 412696/-രൂപ സ്ഥാപനത്തിന് നൽകുകയും ബാക്കി 7394/-രൂപ രണ്ട് ശതമാനം ജി.എസ്.ടി കിഴിവ് വരുത്തുകയുമാണുണ്ടായത്. എന്നാൽ ജി.എസ്.ടി കിഴിവ് വരുത്തിയ തുക പദ്ധതിയുടെ ആകെ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) പ്രോജക്ട് നം 06/22, ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം - എന്ന പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും 280000/-രൂപ പദ്ധതി അടങ്കൽ വകയിരുത്തിയിരുന്നതിൽ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്ന തുക 247960/-രൂപയാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിന് 11 മാസങ്ങളിലായി 30995/-രൂപ ക്രമത്തിൽ ആകെ 340945/-രൂപ ചെലവായിട്ടുണ്ട്. യഥാർത്ഥ ചെലവിനനുസൃതമായി പദ്ധതിയ്ക്ക് ഫണ്ട് അടങ്കൽ വകയിരുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനായി രേഖാ മൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. പദ്ധതികളുടെ യഥാർത്ഥ ചെലവുകൾ ഉൾപ്പെടുത്തി പ്രോജക്ട് പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 01/12-01-2023

## 1-21 വിനിയോഗ വിവരമില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതി പ്രകാരം ചെലവ് നടത്തിയ തുകയുടെ വിനിയോഗവിവരം, ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന PMAY ഭവന പദ്ധതിയിൽ ഉൾപ്പെട്ട മൈലം ഗ്രാമ പഞ്ചായത്തിലെ 27 എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി 70000/-രൂപ വീതം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നം - 27/ 22, PMAY-അധിക വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം 300000/-രൂപ ബിൽ നം -16/21-22/04-02-22 പ്രകാരം വികസനഫണ്ട്,എസ്.സി.പി

വിഹിതത്തിൽ നിന്നും അനുവദിച്ച നൽകിയിട്ടുണ്ട്. 27ഗുണഭോക്താക്കൾക്കായി ആകെ 1890000/- രൂപ ആവശ്യപ്പെട്ടപ്പോൾ ഗ്രാമപഞ്ചായത്ത് പദ്ധതിക്കായി വികസന ഫണ്ട് എസ്.സി.പി-യിൽ നിന്നും വകയിരുത്തി നൽകിയത് വെറും 3 ലക്ഷം രൂപ മാത്രമാണ്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട്(എസ്.സി.പി) വിഹിതത്തിൽ നിന്നും തൻവർഷം ചെലവഴിക്കപ്പെടാതെ നഷ്ടമായിരിക്കുന്നത് 1684980/- രൂപയാണ്. എസ്.സി.പി വിഹിതം കൃത്യമായ പദ്ധതികൾ രൂപീകരിച്ച് ചെലവഴിക്കാതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കാൻ രേഖാ മൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല, കൂടാതെ മേൽ തുകയുടെ വിനിയോഗ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ മേൽ പദ്ധതിക്കായി നടത്തിയ മൂന്ന് ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
ആകെ തടസ്സപ്പെടുത്തിയ തുക – 3,00,000/-
ഓഡിറ്റ് എൻക്വയറി നം – 01/12-01-2023

## 1-22 പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങിയതു സംബന്ധിച്ച്

പ്രോജക്ട് നം - 50

അങ്കണവാടിക്ക് കസേരവാങ്ങൽ

റോഡിതരം അടങ്കൽ - 232800/-

ചെലവ് – 232800/-

ബിൽ നം - 6/*21-22 തീ. 20/*1/22

2021-22 വർഷം മൈലം ഗ്രാമപഞ്ചായത്ത് അങ്കണവാടിയിൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതിയാണ് അങ്കണവാടികൾക്ക് കസേരവാങ്ങൽ. സർക്കാർ ഓട്ടോണോമസ് സ്ഥാപനങ്ങളിൽ നിന്നോ ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നോ നേരിട്ട് വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ആയതുപ്രകാരം സിഡ്കോയിൽ നിന്ന് 400 കസേര (Plastic Armless Chair Nilkamal Model No 4002)ഇൻവോയ്സ് നം ST/28/202122 Dtd 15/1/22 പ്രകാരംവാങ്ങുകയുണ്ടായി. ഒരു കസേരക്ക് 493.22/-രൂപയാണ് നിരക്ക്.400 കസേരകൾക്ക് 232800/-രൂപ ജി.എസ്.ടി ഉൾപ്പെടെ നൽകി. 400 കസേരകൾ 31 അങ്കണവാടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു.store Purchase Department GO(RT ) No-26/2015/SPD Datd 28/5/2015 പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ടി ഇനം ഉൾപ്പെട്ടിട്ടില്ല. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനം ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾ ഉൾപ്പെടുത്തി വാങ്ങൽ നടത്തേണ്ടതാണ് എന്ന നടപടിക്രമം ഈ പർച്ചേസിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വരുംവർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ Store Purchase Rules കൃത്യമായി പരിപാലിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ Store Purchase Rules കൃത്യമായി പാലിക്കേണ്ടതാണ്.
എൻക്വയറി നം - 2 /13/1/23

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 10.01.2023 മുതൽ 11.01.2023 വരെ | കെ.എസ്.എ.കെ.എൽ.എം.പി11/159/23 തീയതി - 27.03.23 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 30000/- | സുഭിക്ഷ കേരളം-തരിശ് വാഴകൃഷി വികസനം 51/22 | 30000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 6000/- | സുഭിക്ഷ കേരളം-തരിശ് പച്ചക്കറി കൃഷി 52/22 | 6000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 14000/- | സുഭിക്ഷ കേരളം- നെൽകൃഷി വികസനം 48/22 | 14000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 34850/- | നെൽകൃഷി വികസനം 43/22 | 34850/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-49/22 | 200000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 696200/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) 256/22 | 696200/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4890000/- | ലൈഫ് ഭവന പദ്ധതി, എസ്.സി. അഡീഷണൽ ലിസ്റ്റ് 96/22 | 4890000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 920000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ ജനറൽ 73/22 | 920000/- | -- |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 360000/- | ലൈഫ് ഭവന പദ്ധതി, എസ്.സി. 75/22 | 360000/- | - |
| | | | | | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 50000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 49/22 | 50000/- | -- |
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000/- | അങ്കണവാടി പോഷകാഹാരം-4/22 | 300000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 50000/- | അഗതി രഹിത കേരളം, ജനറൽ 232/22 | 50000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 138284/- | പാലിന് സബ്സിഡി 16/22 | 138284/- | - |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 11060000/- രൂപ വരവുണ്ട്. മുൻബാക്കി 1922154/- രൂപയടക്കം 12982154/- രൂപയിൽ 5359000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ ലൈഫ് ഭവനനിർമ്മാണം | 2278/തസ്വഭവ 18.8.2018 | 11060000/- | 32993308/- | 4150666/- | | 39902642/- |

### 4-6 സ്ഥിര നിക്ഷേപം

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-5 | 2016-17 | 1 - അനുബന്ധം 3 | വസ്തുനികുതി | |
| 2014-15 | 2-6 | 2016-17 | 2- അനുബന്ധം 3 | തൊഴിൽനികുതി | |

### 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### 4-10 ഓഡിറ്റ് പ്രത്യവലോകനം

1) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

2) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,75,000 | ശ്രീമതി അനിതകുമാരി ഐ., അസി. സെക്രട്ടറി |

| | | |
|---|---|---|
| 1-16 | 4,69,086/- | ഡോ. അനില മേരി എ.എസ്., മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-17 | 1,00,000/- | ഡോ. രമാദേവി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-19 | 8,40,000/- | ശ്രീ.രതീഷ്, വി.ഇ.ഒ |
| 1-21 | 3,00,000/- | ശ്രീമതി ലൌജി എം. നായർ, സെക്രട്ടറി |

3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

4) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

5) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അനിലാ മേരി<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി<br>മൈലം ഗ്രാമ പഞ്ചായത്ത് | മജല്ല<br>ചവറ സൗത്ത് |
| ഡോ. രമാ ദേവി<br>മെഡിക്കൽ ഓഫീസർ ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദം<br>മൈലം ഗ്രാമ പഞ്ചായത്ത് | പ്രണവം<br>അമൃത നഗർ<br>പട്ടാഴി |
| ശ്രീ. ഷാനവാസ്<br>സെക്രട്ടറി | സെക്രട്ടറി<br>മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് | താന്നിക്കൽ<br>എസ്.വി മാർക്കറ്റ്<br>കരുനാഗപ്പള്ളി |
| ശ്രീമതി അനിതകുമാരി ഐ.,<br>അസി. സെക്രട്ടറി | സെക്രട്ടറി<br>പ്രമാടം ഗ്രാമ പഞ്ചായത്ത് | കൃഷ്ണപ്രിയ<br>ഇഞ്ചക്കാട്, കൊട്ടാരക്കര |
| ശ്രീ.രതീഷ്, വി.ഇ.ഒ | വി.ഇ.ഒ<br>മൈലം ഗ്രാമ പഞ്ചായത്ത് | എള്ളുംവിള വീട്<br>കുര, തലവൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി11-407(6)/18, തീ.23.02.18 | 4 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി11-407(7)/18, തീ.23.02.18 | 8 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി11-407(8)/18, തീ.23.02.18 | 1 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം.പി11-407(9)/18, തീ.23.02.18 | 1 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി11-407(10)/18, തീ.23.02.18 | 4 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി11-407(11)/18, തീ.23.02.18 | 2 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി11-407(12)/18, തീ.23.02.18 | 3 |

| | | |
|---|---|---|
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി11-407(13)/18, തീ.23.02.18 | 1 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി11-407(14)/18, തീ.23.02.18 | 13 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി11-407(15)/18, തീ.23.02.18 | 5 |
| 2006-07 | എൽ.എഫ്.ക്യു.പി3/1395/14, തീ: 24.06.14 | 13 |
| 2007-08 | എൽ.എഫ്.ക്യു.പി3/1395/14, തീ: 24.06.14 | 10 |
| 2008-09 | എൽ.എഫ്.ക്യു.പി3/1395/14, തീ: 24.06.14 | 5 |
| 2009-10 | എൽ.എഫ്.ക്യു.പി3/1395/14, തീ: 24.06.14 | 8 |
| 2010-11 | കെ.എസ്.ഐ-കെ.എൽ.എം-പി3/1395/14, തീ: 24.06.14 | 10 |
| 2011-12<br>2012-13 | കെ.എസ്.ഐ-കെ.എൽ.എം-പി11/748/22, തീ: 19.08.22 | 18 |
| 2013-14<br>2014-15 | കെ.എസ്.ഐ-കെ.എൽ.എം-പി11/748/22, തീ: 19.08.22 | 22 |
| 2015-16 | കെ.എസ്.ഐ-കെ.എൽ.എം-പി11/748/22, തീ: 19.08.22 | 18 |
| 2016-17 | കെ.എസ്.ഐ-കെ.എൽ.എം-പി11/ 1726/17, 28.10.2017 | 23 |
| 2017-18 | കെ.എസ്.ഐ-കെ.എൽ.എം-പി11/ 1726/18, 28.10.2017 | 23 |
| 2018-19 | കെ.എസ്.ഐ-കെ.എൽ.എം-പി11/ 427/2020, 10.06.2020 | 21 |
| 2019-20 | കെ.എസ്.ഐ-കെ.എൽ.എം-പി11/757/2021, തീ:29-06-2021 | 30 |
| 2020-21 | കെ.എസ്.ഐ-കെ.എൽ.എം-പി11/1305/2022, തീ:26/07/2022 | 15 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്